**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 2015-16 വർഷത്തെ മികച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തുകൊണ്ടുള്ള പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

==========================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. 449 /2017/തസ്വഭവ തിരുവനന്തപുരം, തീയതി 16.02.2017

==========================================================

പരാമർശം: 1. സ.ഉ. (സാധാ) നം.180/2017/തസ്വഭവ തീയതി 21.01.2017.
2. സ.ഉ. (സാധാ) നം.442/2017/തസ്വഭവ തീയതി 16.02.2017.

**<u>ഉത്തരവ്</u>**

2015-16 വർഷം മികച്ച പ്രവർത്തനം കാഴ്ച വച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് പരാമർശം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ 2015-16 വർഷത്തെ മികച്ച ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളായി തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

**<u>സംസ്ഥാനതലം (ഗ്രാമപഞ്ചായത്ത്)</u>**

ഒന്നാം സ്ഥാനം: ചെമ്പിലോട് ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)
ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല)
മൂന്നാം സ്ഥാനം: പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്ത് (കണ്ണൂർ ജില്ല)

സംസ്ഥാനതലത്തിൽ മികച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ഒന്നാം സ്ഥാനം പങ്കിട്ട ചെമ്പിലോട്, ശ്രീകൃഷ്ണപുരം എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് 22.5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവുംസ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും മൂന്നാം സ്ഥാനം നേടിയ പെരിങ്ങോം വയക്കര ഗ്രാമപഞ്ചായത്തിന് 15 ലക്ഷം രൂപ ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്. ഒന്നാം സ്ഥാനം രണ്ട് ഗ്രാമപഞ്ചായത്തുകൾ പങ്കിട്ടതിനാൽ രണ്ടാം സ്ഥാനത്തിന് പ്രത്യേകം അവാർഡ് നൽകുന്നതല്ല.

## ജില്ലാ തലം (ഗ്രാമപഞ്ചായത്ത്)

| ജില്ല | സ്ഥാനക്രമം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1<br>2 | മാണിക്കൽ<br>ഇല്ല |
| കൊല്ലം | 1<br>2 | കുലശേഖരപുരം<br>തഴവ |
| പത്തനംതിട്ട | 1<br>2 | തുമ്പമൺ<br>ഇല്ല |
| ആലപ്പുഴ | 1<br>2 | വീയപുരം<br>കുമാരപുരം |
| കോട്ടയം | 1<br>2 | മുത്തോലി<br>ഇല്ല |
| ഇടുക്കി | | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |
| എറണാകുളം | 1<br>2 | ചോറ്റാനിക്കര<br>ഇല്ല |
| തൃശ്ശൂർ | 1<br>2 | പൂമംഗലം<br>ഒരുമനയൂർ |
| പാലക്കാട് | 2 | ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം നേടി<br>ഇല്ല |
| മലപ്പുറം | 1<br>2 | പുലാമന്തോൾ<br>മാറാഞ്ചേരി |
| കോഴിക്കോട് | 1<br>2 | അരിക്കുളം<br>നാദാപുരം |
| വയനാട് | 1<br>2 | വൈത്തിരി<br>ഇല്ല |

| | | |
|---|---|---|
| കണ്ണൂർ | | അർഹതയുള്ള ചെമ്പിലോട്, പെരിങ്ങോം വയക്കര എന്നിവ സംസ്ഥാനതലത്തിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ നേടി |
| കാസർഗോഡ് | | അർഹതാ മാനദണ്ഡങ്ങൾ പാലിച്ച ഗ്രാമപഞ്ചായത്തുകൾ ഇല്ല |

തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ അർഹതാ മാനദണ്ഡങ്ങൾ പാലിച്ച മറ്റ് ഗ്രാമപഞ്ചായത്തുകൾ ഇല്ലാത്തതിനാൽ രണ്ടാം സ്ഥാനത്തിനുള്ള അവാർഡ് നൽകുന്നതല്ല. ജില്ലാതലത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ നേടിയ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 10 ലക്ഷം, 5 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

## സംസ്ഥാനതലം (മികച്ച ബ്ലോക്ക് പഞ്ചായത്ത്)

ഒന്നാം സ്ഥാനം: എടക്കാട് ബ്ലോക്ക് പഞ്ചായത്ത് (കണ്ണൂർ ജില്ല)
രണ്ടാം സ്ഥാനം: കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് (കൊല്ലം ജില്ല)
മൂന്നാം സ്ഥാനം: പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് (എറണാകുളം ജില്ല)

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ ബ്ലോക്ക് പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

## സംസ്ഥാനതലം (മികച്ച ജില്ലാ പഞ്ചായത്ത്)

ഒന്നാം സ്ഥാനം: കൊല്ലം ജില്ലാ പഞ്ചായത്ത്
രണ്ടാം സ്ഥാനം: മലപ്പുറം ജില്ലാ പഞ്ചായത്ത്

സംസ്ഥാനതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടിയ ജില്ലാ പഞ്ചായത്തുകൾക്ക് 25 ലക്ഷം, 20 ലക്ഷം രൂപ എന്നീ ക്രമത്തിൽ പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിക്കുന്നതാണ്.

ഈ ഇനത്തിലുള്ള ചെലവുകൾ ഇതിലേക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 3604-00-200-91-(05) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

## മഹാത്മാപുരസ്കാരം

2015-16 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിൽ മികവ് പുലർത്തിയ ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തുന്നതിനായി സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മഹാത്മാപരസ്കാരത്തിന് താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്തുകൊണ്ട് ഉത്തരവാകുന്നു.

### സംസ്ഥാനതലം

| സ്ഥാനക്രമം | ഗ്രാമപഞ്ചായത്ത് | ജില്ല |
|---|---|---|
| ഒന്നാം സ്ഥാനം | തളിക്കുളം | തൃശ്ശൂർ |
| രണ്ടാം സ്ഥാനം | എങ്ങണ്ടിയൂർ | തൃശ്ശൂർ |
| മൂന്നാം സ്ഥാനം | കടുങ്ങല്ലൂർ | എറണാകുളം |

### ജില്ലാതലം

| ജില്ല | സ്ഥാനക്രമം | ഗ്രാമപഞ്ചായത്ത് |
|---|---|---|
| തിരുവനന്തപുരം | 1<br>2 | കടയ്ക്കാവൂർ<br>പള്ളിച്ചൽ |
| കൊല്ലം | 1<br>2 | നെടുവത്തൂർ<br>മയ്യനാട് |
| പത്തനംതിട്ട | 1<br>2 | മൈലപ്ര<br>കുറ്റൂർ |
| ആലപ്പുഴ | 1<br>2 | ബുധനൂർ<br>വെൺമണി |
| കോട്ടയം | 1<br>2 | മീനച്ചൽ<br>കുറവിലങ്ങാട് |

| | | |
|---|---|---|
| ഇടുക്കി | 1<br>2 | ഇടമലക്കുടി<br>മണക്കാട് |
| എറണാകുളം | 1<br>2 | എടവനക്കാട്<br>ചേരാനല്ലൂർ |
| തൃശ്ശൂർ | 1<br>2 | നാട്ടിക<br>വാടാനപ്പള്ളി |
| പാലക്കാട് | 1<br>2 | കാരക്കുറിശ്ശി<br>നാഗലശ്ശേരി |
| മലപ്പുറം | 1<br>2 | തേഞ്ഞിപ്പാലം<br>വള്ളിക്കുന്ന് |
| കോഴിക്കോട് | 1<br>2 | കൊടിയത്തൂർ<br>മടവൂർ |
| വയനാട് | 1<br>2 | പൊഴുതന<br>എടവക |
| കണ്ണൂർ | 1<br>2 | കോളയാട്<br>ആറളം |
| കാസർഗോഡ് | 1<br>2 | ബേളൂർ<br>പടന്ന |

മേൽപ്പറയും പ്രകാരം തെരഞ്ഞെടുത്ത സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉള്ള മികച്ച ത്രിതലപഞ്ചായത്തുകളിലെ സെക്രട്ടറിമാർക്ക് സർക്കാരിന്റെ 06.02.2016-ലെ 7/ഇ.പി.ബി1/2016/തസ്വഭവ നമ്പർ സർക്കുലർ പ്രകാരമുള്ള നടപടികൾ പാലിച്ച് സാക്ഷ്യപത്രവും മൊമെന്റോയും നൽകുന്നതാണ്. പരാമർശം (2) ലെ ഉത്തരവ് മേൽപറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ടി.കെ.ജോസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ